പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1123

13.06.2013-ൽ മറുപടി നൽകേണ്ടത്

## അട്ടപ്പാടി മേഖലയിലെ ആദിവാസി ഭൂമി

| ചോദ്യം: | | മറുപടി : | |
|---|---|---|---|
| ശ്രീ.എ.കെ.ബാലൻ | | ശ്രീ അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) | |
| (എ) | അട്ടപ്പാടി മേഖലയിലെ അഗളി, പുതൂർ, ഷോളയാർ പഞ്ചായത്തുകളുടെ ഭൂവിസ്തൃതി | (എ) | അട്ടപ്പാടി മേഖലയിലെ അഗളി, പുതൂർ, ഷോളയാർ പഞ്ചായത്തുകളുടെ ആകെ ഭൂവിസ്തൃതി 745 $KM^2$ ആണ്. |
| (ബി) | ഇതിൽ എത്ര ഭൂമിയാണ് ആദിവാസി ജനവിഭാഗങ്ങളുടെ കൈവശമുളളത് എന്നും ഈ മുഴുവൻ ഭൂമിയും സബ്ഡിവിഷൻ തിരിച്ച് പോക്കുവരവ് ചെയ്ത് നൽകിയിട്ടുണ്ടോയെന്നും എത്ര പേരുടെ കൈവശമാണ് ഈ ഭൂമിയെന്നും വെളിപ്പെടുത്തുമോ ; | (ബി) | പട്ടികവർഗ്ഗ വകുപ്പും കിലയും ചേർന്ന് നടത്തിയ സർവ്വേ പ്രകാരം 25,714 ഏക്കർ ഭൂമി ആദിവാസി വിഭാഗങ്ങളുടെ കൈവശമുണ്ട്. സർവ്വേ നടപടി പൂർത്തീകരിക്കാത്തതിനാൽ, സ്ഥല കൈമാറ്റങ്ങൾക്കനുസരിച്ച് പോക്കുവരവ് നടത്തുവാൻ കഴിഞ്ഞിട്ടില്ല 9276 ആദിവാസി കുടുംബങ്ങളുടെ കൈവശത്തിലാണ് ടി ഭൂമി ഉളളത്. |
| (സി) | ആദിവാസി ഇതര ജനവിഭാഗങ്ങളുടെ കൈവശം എത്ര ഭൂമിയാണ് ഉളളതെന്നും എത്ര പേരുടെ കൈവശമാണ് ഈ ഭൂമിയെന്നും വിശദമാക്കുമോ ; | (സി) | നിലവിൽ പോക്കുവരവ് നടക്കാത്തതിനാൽ 1964-69 ലെ സ്ഥിതിയാണ് വില്ലേജ് രേഖകളിലുളളത്. ആദിവാസികളുടെയും മറ്റ് വിഭാഗങ്ങളുടേയും വേർതിരിച്ചുളള വിവരങ്ങൾ വില്ലേജ് രേഖകളിൽ ലഭ്യമല്ല. |
| (ഡി) | ആദിവാസികളുടെ കൈവശമുളള ഭൂമി ക്രയവിക്രയം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ കഴിഞ്ഞ 2 വർഷത്തിനിടയിൽ എത്ര ആദിവാസികളുടെ ഭൂമി മറ്റുളളവർ വാങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്നും എത്ര ഏക്കർ ഭൂമിയാണ് ഇപ്രകാരം ക്രയ വിക്രയം ചെയ്തിട്ടുളളത് എന്നും അറിയിക്കുമോ ? | (ഡി) | അട്ടപ്പാടിയുമായി ബന്ധപ്പെട്ട് ആദിവാസി ഭൂമി കൈമാറുന്നതിന് റവന്യൂ ഡിവിഷൻ ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ (രോഗം, കടബാദ്ധ്യത, തുടങ്ങിയ ഒഴിവാക്കാനാകാത്ത സാഹചര്യത്തിൽ) കഴിഞ്ഞ 2 വർഷത്തിനിടയിൽ 7 അപേക്ഷകളിലായി 2.35 ഏക്കർ ഭൂമി കൈമാറ്റം ചെയ്യുവാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ 24.01.1986 ന് ശേഷം ആദിവാസി നേരിട്ട് തീറാധാരം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ